# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

**(ഹാജർ : ജീവൻബാബുകെ ഐ.എ.എസ്)**

വിഷയം: പൊതുവിദ്യാഭ്യാസം - ഓൺലൈൻ ക്ലാസ്സ് - തുടർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:
1) ജി.ഒ(ആർ.ടി) നം. 1756/2020/പൊ.വി.വ തീയതി: 29.05.2020.
2) ജി.ഒ(ആർ.ടി) നം. 3510/2020/ഫിൻ തീയതി: 10.06.2020.
3) ജി.ഒ(ആർ.ടി) നം. 1114/2020/എൽ.എസ്.ജി.ഡി തീയതി: 12.06.2020.

**ഉത്തരവ് നമ്പർ: ക്യു.ഐ.പി(1)/9141/2020/ഡിജിഇ തീയതി: 12.06.2020**

കോവിഡ്-19 ന്റെയും ലോക്ഡൗണിന്റെയും പശ്ചാത്തലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന സ്കൂളുകൾ ജൂൺ 1-ന് തുറക്കുവാൻ കഴിഞ്ഞിരുന്നില്ല. മേൽ സൂചന(1) പ്രകാരം 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേയ്ക്കും, 12-ാം ക്ലാസ്സിലേയ്ക്കും കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സുകൾ നൽകുന്നതിന് സർക്കാർ ഉത്തരവായിരുന്നു. മെയ് മാസം ആദ്യവാരം സമഗ്രശിക്ഷ കേരള (എസ്.എസ്.കെ) നടത്തിയ സർവ്വേയിൽ സംസ്ഥാനത്തെ 2.61 ലക്ഷം കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സുകൾ വീക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമല്ല എന്ന് പ്രാഥമികമായി കണ്ടെത്തിയിരുന്നു. പ്രസ്തുത കുട്ടികൾക്ക് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ ശ്രമങ്ങൾ ആരംഭിക്കുകയും, തത്ഫലമായി 2020 മെയ് 31-ന് സൗകര്യങ്ങൾ ലഭ്യമല്ലാത്ത കുട്ടികളുടെ എണ്ണം 1.15 ലക്ഷമായി കുറയുകയും ചെയ്തു. 2020 ജൂൺ 1-ന് ട്രയൽ അടിസ്ഥാനത്തിൽ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ വീഡിയോ പാഠങ്ങളുടെ സംപ്രേക്ഷണം ആരംഭിച്ചു. കൂടാതെ പാഠഭാഗങ്ങളുടെ ഓൺലൈൻ ലിങ്കുകൾ യൂട്യൂബ്, ഫെയ്സ്ബുക്ക് തുടങ്ങിയ സമൂഹ മാധ്യമങ്ങൾ മുഖേന കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്തു. ട്രയൽ സംപ്രേക്ഷണം ചെയ്തതിലൂടെ ജില്ലകളിലെ വിവിധ മേഖലകളിലെ പശ്ചാത്തല സൗകര്യങ്ങളുടെ കൃത്യമായ പരിശോധനയിൽ കണക്കുകൾ ലഭ്യമാവുകയും, അസൗകര്യങ്ങൾ ഉള്ള കുട്ടികൾക്ക് പര്യാപ്തമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് അവസരം ലഭിക്കുകയും ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, ഗവൺമെന്റ് ഇതര സ്ഥാപനങ്ങൾ, വ്യക്തികൾ, സംഘടനകൾ തുടങ്ങി നിരവധി കേന്ദ്രങ്ങളിൽ നിന്ന് ടെലിവിഷൻ, ലാപ്ടോപ്പ്, മൊബൈൽ ഫോൺ, നെറ്റ്വർക്ക് കണക്ഷനുകൾ, ടാബ്ലറ്റുകൾ എന്നിവ പ്രാദേശികതലത്തിൽ പ്രധാനമായി പൊതു പഠനകേന്ദ്രങ്ങൾക്കും, ചിലയിടങ്ങളിൽ കുട്ടികളുടെ വീടുകളിലും ലഭ്യമാകുന്നതിനുള്ള സാഹചര്യം നിലവിലുണ്ടായി. ഓൺലൈൻ പഠന സൗകര്യങ്ങൾ വീടുകളിൽ ലഭ്യമല്ലാതിരുന്ന കുട്ടികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വായനശാലകൾ, അക്ഷയകേന്ദ്രം, കമ്മ്യൂണിറ്റി സെന്ററുകൾ, എം.ജി.എൽ.സികൾ, അംഗൻവാടികൾ, ബി,ആർ.സികൾ, കുടുംബശ്രീ സംവിധാനം ഒരുക്കിയ പഠന കേന്ദ്രങ്ങൾ തുടങ്ങിയ അയൽപക്ക പഠനകേന്ദ്രങ്ങളിൽ കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ച് ക്ലാസ്സുകൾ നൽകുവാൻ കഴിഞ്ഞു. ആദിവാസി ഭൂരി

പക്ഷ പ്രദേശങ്ങളിലും മറ്റ് പാർശ്വവൽകൃത വിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിലും പ്രത്യേകമായി ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവ ഇതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഊരു വിദ്യാകേന്ദ്രങ്ങളിലും, പഠന മുറികളിലും ഐ.ടി അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുകയും ചെയ്തു.

മേൽ വിവരിച്ച ക്രമീകരണങ്ങളുടെ ഫലമായി 11.06.2020-ന് സൗകര്യങ്ങൾ ലഭ്യമല്ലാത്ത കുട്ടികളുടെ എണ്ണം സംസ്ഥാനതലത്തിൽ 17774 ആയി കുറഞ്ഞു. സൂചന (2) പ്രകാരമുളള ഉത്തരവിലൂടെ സംസ്ഥാനത്തെ എല്ലാ എം.എൽ.എ.മാർക്കും ആസ്തി വികസനഫണ്ടും പ്രത്യേക വികസന ഫണ്ടും ഇക്കാര്യത്തിനുവേണ്ടി ചെലവഴിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കൂടാതെ സൂചന(3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പും പ്രാദേശിക തലത്തിൽ ക്രമീകരണങ്ങൾക്കായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലകളിൽ ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും, സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ 14.06.2020 - നുള്ളിൽ തന്നെ എല്ലാ കുട്ടികൾക്കും സൗകര്യം ഉറപ്പാക്കുവാനുള്ള വലിയ രീതിയിലുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ കൈറ്റ് വിക്ടേഴ്സ് ചാനൽ മുഖാന്തിരം നടത്തി കൊണ്ടിരിക്കുന്ന ട്രയൽ ക്ലാസ്സുകൾക്കുശേഷമുള്ള തുടർ ക്ലാസ്സുകൾ 15.06.2020 മുതൽ സംപ്രേക്ഷണം ചെയ്യുവാൻ ഇതിനാൽ അനുമതി നൽകി ഉത്തരവാകുന്നു. ഇക്കാര്യത്തിൽ ആവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കാൻ കൈറ്റ്, എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ, എസ്.ഐ.ഇ.ടി എന്നിവരെ ചുമതലപ്പെടുത്തുന്നു. ഏതെങ്കിലും കുട്ടികൾക്ക് ഏതെങ്കിലും കാരണത്താൽ ക്ലാസ്സ് കാണുവാനുള്ള സൗകര്യങ്ങൾ ലഭ്യമായില്ലെങ്കിൽ പ്രസ്തുത വിവരം ക്ലാസ്സ് ടീച്ചറെ അല്ലെങ്കിൽ പ്രധാന അദ്ധ്യാപകനെ അറിയിക്കേണ്ടതും, അത്തരം എല്ലാ വിദ്യാർത്ഥികൾക്കും ക്ലാസ്സ് കാണുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നുണ്ടെന്ന് ക്ലാസ്സ് ടീച്ചർ / പ്രധാനാദ്ധ്യാപകൻ ഉറപ്പു വരുത്തേണ്ടതുമാണ്. എല്ലാ അയൽപക്ക കേന്ദ്രങ്ങളിലും കഴിയുന്നത്ര അദ്ധ്യാപകരുടെ സേവനം പ്രധാനാദ്ധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്. ഓരോ സ്കൂളിലും നിലവിലുള്ള ലാപ്ടോപ്പുകൾ, ടെലിവിഷനുകൾ, പ്രൊജക്ടറുകൾ എന്നിവയെല്ലാം കുട്ടികൾക്ക് സൗകര്യപ്രദമായ രീതിയിൽ വിന്യസിക്കുവാനും ഉപയോഗിക്കുവാനും പ്രധാനാദ്ധ്യാപകർ നടപടി കൈക്കൊള്ളേണ്ടതാണ്. വൈദ്യുതി, കേബിൾ കണക്ഷൻ, നെറ്റ് വർക്ക് എന്നിവ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കുട്ടികൾക്ക് വീഡിയോ പാഠങ്ങൾ ഡൗൺലോഡ് ചെയ്ത് ലാപ്ടോപ്പുകൾ ഉപയോഗിച്ച് കാണുവാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്. സമഗ്രശിക്ഷ (കേരള) യുടെ സഹായത്തിനുപുറമെ ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എസ്.സി/എസ്.ടി പ്രമോട്ടർമാർ തുടങ്ങിയവരുടെ സഹകരണത്തോടെ ഇക്കാര്യങ്ങൾ ക്രമീകരിക്കുന്നതിന് പ്രധാനാദ്ധ്യാപകർ ശ്രമിക്കേണ്ടതാണ്. ആദിവാസി, മലയോര മേഖലകളിലും, വിദൂര പ്രദേശങ്ങളിൽ താമസിക്കുന്നതും, ഓൺലൈൻ പഠനസൗകര്യം ലഭ്യമല്ലാത്തതുമായ വിദ്യാർത്ഥി കൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. സമഗ്രശിക്ഷയ്ക്ക് കീഴിലുള്ള ക്ലസ്റ്റർ കോ-

ഓർഡിനേറ്റർമാർ, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാവോളണ്ടിയർമാർ എന്നിവർ ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ട്രയൽ ക്ലാസ്സുകൾ ഉൾപ്പെടെയുള്ള ക്ലാസ്സുകൾ എല്ലാ കുട്ടികളും കണ്ടു എന്ന് ഉറപ്പു വരുത്തുന്നതിന് എല്ലാ പ്രഥമാദ്ധ്യാപകരും, പ്രിൻസിപ്പൽ മാരും പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നുകൂടി ഇതിനാൽ നിർദ്ദേശിച്ചുത്തരവാകുന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്,

1. വൈസ്ചെയർമാൻ & എക്സിക്യുട്ടീവ് ഡയറക്ടർ, KITE, പൂജപ്പുര, തിരുവനന്തപുരം.
2. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
3. ഡയറക്ടർ, എസ്.എസ്.കെ
4. ഡയറക്ടർ, എസ്.ഐ.ഇ.ടി
5. എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർസെക്കണ്ടറി വിഭാഗം)
6. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം)
7. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
8. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
9. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
10. പൊതുവിദ്യാഭ്യാസ യജ്ഞം ജില്ലാ കോ-ഓർഡിനേറ്റർമാർക്കും.
11. എല്ലാ പ്രിൻസിപ്പൽമാർക്കും, പ്രഥമാദ്ധ്യാപകർക്കും (ആർ.ഡി.ഡി/ഡി.ഇ.ഒ/എ.ഇ.ഒ മുഖാന്തിരം).
12. എല്ലാ സ്കൂൾ മാനേജർമാർക്കും (എ.ഇ.ഒ/ഡി.ഇ.ഒ മുഖാന്തിരം).